LIBRARY ARCHIVES Kerala Legislative Assembly

താനൂർ ഭാഗത്ത് അപ്രോച്ച് റോഡ് നിർമ്മാണം

64 (674) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയെയും താനൂർ നിയോജകമണ്ഡലത്തിലെ താനൂരിനെയും ബന്ധിപ്പിക്കുന്ന കെട്ടുങ്ങൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ട് വർഷങ്ങളായെങ്കിലും താനൂർ ഭാഗത്ത് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) തീരദേശ ഹൈവേയിൽ ഉൾപ്പെടുത്തി പുരോഗമിച്ചുവരുന്ന 150 മീറ്റർ വരുന്ന പ്രസ്തുത അപ്രോച്ച് റോഡിന്റെ എംബാങ്ക്മെന്റ് പ്രവൃത്തികൾ 70 ശതമാനവും റീറ്റെയിനിംഗ് വാൾ 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കളൻതോട് - കൂളിമാട് റോഡ് നവീകരണം

65(675) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമാക്കിയ കളൻതോട് - കൂളിമാട് റോഡിന്റെ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ചു പോയതിനാൽ മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാൻ പുതുക്കിയ എസ്റ്റിമേറ്റിൽ കിഫ്ബിയുടെ അപ്രൈസൽ വിഭാഗം ചില നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റംവരുത്തി നൽകിയ ഡി.പി.ആർ. കിഫ്ബിയുടെ പരിശോധനയിലാണ്.

(സി) പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

പ്രവൃത്തി പുനരാരംഭിക്കുന്നതിന് വീതി കുറഞ്ഞ സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടികൾ പൂർത്തീകരിക്കേണ്ടതും മരങ്ങൾ മുറിച്ചു മാറ്റേണ്ടതുമുണ്ട്.

(ഡി) റോഡ് പാതിവഴിയിൽ ഉപേക്ഷിച്ചുപോയതിനാൽ പൊതുജനങ്ങൾക്കുള്ള പ്രയാസം പരിഗണിച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പാക്കുന്നതാണ്.

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി - നാടുകാണി പാത

66(676) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി - നാടുകാണി പാത നവീകരണ പ്രവൃത്തിയുടെ പരപ്പനങ്ങാടി മുതൽ കക്കാട് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തിയിൽ നിയോജകമണ്ഡലത്തിൽ ഏതെല്ലാം ഭാഗത്ത് ഡ്രെയിനേജ് നിർമ്മിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ?

(എ&ബി) നാടുകാണി-പരപ്പനങ്ങാടി പദ്ധതിയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ കക്കാട് മുതൽ പരപ്പനങ്ങാടി (Ch 90/000 to 104/700) വരെയുള്ള ഭാഗം 7.00 മീറ്റർ വീതിയിലോ നിലവിലുള്ള 7.00 മീറ്ററിലും കൂടുതൽ വീതിയിലോ ബി.സി. ഓവർലേ പ്രവൃത്തികളും ഔട്ട്ലെറ്റും 12 മീറ്റർ വീതിയും ലഭ്യമാകുന്ന ഭാഗങ്ങളിൽ ഡ്രെയിനേജ് നിർമ്മാണവുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പൊതുമരാമത്ത് ഭൂമി ലഭ്യമായ 12 മീറ്റർ വീതിയുള്ള ഭാഗങ്ങളിൽ നിലവിലെ റോഡ് 9.00 മീറ്റർ വീതി കൂട്ടി ഡി.ബി.എം.-ഉം ബി.സി. ഓവർ ലേ പ്രവൃത്തിയുമാണ് ചെയ്തിട്ടുള്ളത്. ഇതിൽ കക്കാട് മുതൽ എം.കെ.എച്ച്. ഹോസ്പിറ്റൽ വരെ നിലവിലുള്ള വീതിയിൽ ബി.സി. ഓവർ ലേ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മമ്പുറം ബൈപാസ് (Ch 0/00 - Ch 1/000) വരെയും, തൃക്കുളം സ്കൂൾ മുതൽ തൃക്കുളം അമ്പലപ്പടി വരെ നിലവിലുള്ള വീതിയിൽ ബി.സി. ഓവർലേ പ്രവൃത്തിയും തൃക്കുളം അമ്പലപ്പടി മുതൽ പരപ്പനങ്ങാടി ഫൈ

LIBRARY ARCHIVES Kerala Legislative Assembly